HON'BLE MR. T. K. NARAYANA PILLAI : നിശ്ചയമായിട്ടു.

MR. P. C. ADICHAN (*Kunnathur II—Kurava*) : പൊന്നും വില കൊടുത്തെടുക്കാൻ നിശ്ചയിച്ചിരിക്കുന്ന സ്ഥലങ്ങളിൽനിന്ന് അതാതു ഡിവിഷനിലെ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടി അവർക്ക് ഇഷ്ടമുള്ള ആളുകൾക്കു പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

MR. PRESIDENT : ആ ചോദ്യത്തിനു പ്രസക്തിയില്ല.

MR. T. T. KESAVAN SASTRI (*Kunnathnad I—Pulaya*) : ഒഴിച്ചിടപ്പെട്ട സ്ഥലങ്ങൾ അന്യാധീനപ്പെട്ടുപോയാൽ ആ സ്ഥലങ്ങളിലേക്കുള്ള കരം ഈടാക്കുന്നതിന് എന്തു നിയമമാണുള്ളതെന്നറിയാമോ

HON'BLE MR. T. K. NARAYANA PILLAI : അങ്ങനെ ഈടാക്കുന്നുണ്ടെങ്കിൽ അതിനു നിയമവും കാണും.

MR. T. T. KESAVAN SASTRI : ഈയർ മാർക്ക് ചെയ്തിട്ടുള്ള എല്ലാ സ്ഥലങ്ങളേയും ഒരു ശരിയായ കണക്കെടുത്തു പ്രസിദ്ധപ്പെടുത്തുന്നതിനു ഗവണ്മെൻറിൽനിന്നും വേണ്ട ഏർപ്പാട് ചെയ്യുമോ?

MR. PRESIDENT : ആ ചോദ്യവും ചോദിക്കപ്പെടാവുന്നതല്ല.

വളം ഡിപ്പോ.

*254. MR. T. T. KESAVAN SASTRI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) മഞ്ഞപ്ര പകുതിയിൽ ഒരു വളം ഡിപ്പോ സ്ഥാപിച്ച് സഹായിക്കാൻ പൊതുജനങ്ങൾ ചേർന്ന് അപേക്ഷിച്ചിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തിയെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI (എ) ഉണ്ട്.

(ബി) മഞ്ഞപ്ര എന്ന സ്ഥലത്തും കോതകുളങ്ങര പകുതിയിലും കാരോ വളം ഡിപ്പോ സ്ഥാപിക്കുന്നതിന് ഗവണ്മെൻറ് നടപടി നടത്തിവരികയാണ്.

Government rubber factory.

255. MRS. DEVAKI GOPIDAS (*Kottayam I—General*) : Will the Hon'ble Minister for Industries be pleased to state :

(a) under whose management Government Rubber Factory at Trivandrum is being conducted at present ;

LIBRARY ARCHIVES Kerala Legislative Assembly